| (1) | (2) | (3) |
|---|---|---|
| 5 | വൈക്കം (കോട്ടയം, ഇടുക്കിജില്ലകൾ | 26 |
| 6 | വടക്കൻ പറവൂർ (എറണാകുളം ജില്ല) | 15 |
| 7 | തൃശൂർ (തൃശൂർജില്ല) | 16 |
| 8 | പൊന്നാനി (മലപ്പുറം,പാലക്കാട് ജില്ലകൾ | 15 |
| 9 | കോഴിക്കോട് (കോഴിക്കോട്, വയനാട് ജില്ലകൾ | 54 |
| 10 | കണ്ണൂർ (കണ്ണൂർ, കാസർഗോഡ് ജില്ലകൾ) | 29 |
| | ആകെ | 484 |

(ബി) ഇതിൽ 129 സംഘങ്ങൾ വ്യാപാര ലാഭത്തിലും ഒരു സംഘം അറ്റലാഭത്തിലും പ്രവർത്തിക്കുന്നു. പേര് വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കഴിഞ്ഞ മൂന്നുവർഷത്തിനിടെ 18 കയർ സഹകരണ സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) കഴിഞ്ഞ മൂന്നുവർഷത്തിനിടെ 18 കയർ സഹകരണ സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടതിൽ ചിറയിൻകീഴ് പ്രോജക്ടിന് കീഴിലെ 12 സംഘങ്ങളിലെ 6 സംഘങ്ങൾ തൊഴിലാളികളിൽനിന്നും ത്രിഫ്റ്റ് സംഖ്യ പിരിച്ചിരുന്നില്ല. മറ്റ് 6 സംഘങ്ങളിൽ തൊഴിലാളികളിൽനിന്നും പിരിച്ച ത്രിഫ്റ്റ് തുക പ്രസ്തുത സംഘങ്ങൾക്ക് ആവശ്യമായ ഫണ്ടും ആസ്തിയും ഇല്ലാത്തതിനാൽ തിരികെ നൽകാൻ കഴിയുന്നതല്ല. ആലപ്പുഴ പ്രോജക്ടിൻ കീഴിൽ ലിക്വിഡേറ്റ് ചെയ്യപ്പെട്ട 2 സംഘങ്ങളുടെ പ്രവർത്തനം നാമമാത്രമായിരുന്നതിനാൽ തൊഴിലാളികളിൽനിന്നും ത്രിഫ്റ്റ് പിരിച്ചിട്ടില്ല. തൃശൂർ പ്രോജക്ടിന് കീഴിൽ ലിക്വിഡേറ്റ് ചെയ്ത 2 സംഘങ്ങളിലെയും തൊഴിലാളികൾക്ക് ത്രിഫ്റ്റ് സംഖ്യ തിരികെ നൽകിയിട്ടുണ്ട്.

## കയർ മേഖലയ്ക്കനുവദിച്ച തുകയും കയറ്റുമതിയും

213 (7184) ശ്രീ. പി. കെ. ഗുരുദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തികവർഷം കയർമേഖലയ്ക്ക് അനുവദിച്ച തുക ഏതൊക്കെ മേഖലയിൽ വിനിയോഗിച്ചു എന്നറിയിക്കുമോ ; അതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2014-15 സാമ്പത്തികവർഷം കയർമേഖലക്ക് അനുവദിച്ച തുക എത്രയെന്നറിയിക്കുമോ ;

(സി) ഈ മേഖലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) 2013-14 സാമ്പത്തികവർഷം എത്ര കയർ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു എന്നറിയിക്കാമോ ; ഇതുമൂലമുള്ള വരുമാനം സംബന്ധിച്ചവിവരം നൽകുമോ ; ഏതെല്ലാം സ്ഥലങ്ങളിലേക്ക് കയറ്റുമതി നടത്തിയിട്ടുണ്ട് എന്നറിയിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013-14 സാമ്പത്തികവർഷം കയർ മേഖലക്ക് പദ്ധതിയിനത്തിൽ അനുവദിച്ച തുക ചുവടെ പറയുന്ന ശീർഷകങ്ങളിലെ പദ്ധതികൾ പ്രകാരമുള്ള കാര്യങ്ങൾക്കായി വിനിയോഗിച്ചിരുന്നു.

1. വിപണനം, പ്രചരണപരിപാടികൾ, വ്യാപാര മേളകൾ മുതലായവയ്ക്ക്.
2. കയറും, കയറുല്പന്നങ്ങളുടെയും വിൽപ്പനക്കുള്ള വിപണി വികസന സഹായം. (MDA)
3. കയർ ഭൂവസ്ത്ര വികസന പരിപാടി.
4. കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം.
5. സംരംഭകർക്ക് മാർജിൻമണി വായ്പ.
6. കയർ വ്യവസായത്തിന്റെ നിയന്ത്രിത യന്ത്രവൽക്കരണം.
7. പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും.
8. ഉൽപ്പാദനവും വിപണന പ്രചോദനവും.
9. വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട്.
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.
11. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി.
12. കയർ ഭവൻ കെട്ടിടനിർമ്മാണം.

പദ്ധതിയേതരയിനത്തിൽ കയർ തൊഴിലാളി പെൻഷനും ആനുകൂല്യങ്ങൾക്കുമായി 25 കോടി രൂപ വകയിരുത്തിയതുകൂടാതെ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 13,37,00,000 രൂപ ഉൾപ്പെടെ ആകെ 38,37,00,000 രൂപ ലഭിച്ചത് പൂർണ്ണമായും ചെലവഴിച്ചു. മേൽപ്പറഞ്ഞ പദ്ധതികൾക്കായി അനുവദിച്ച തുകയ്ക്കുപുറമെ വരുമാന താങ്ങൽ പദ്ധതി (Income Support Scheme) പ്രകാരം തൊഴിൽ വകുപ്പിൽനിന്നും 25 കോടി രൂപയും ലഭിച്ചു.

(ബി) 2014-15 സാമ്പത്തികവർഷം കയർ മേഖലയ്ക്ക് ബഡ്ജറ്റ് വിഹിതമായി പദ്ധതിയിനത്തിൽ സംസ്ഥാനവിഹിതം 11693.90 ലക്ഷം രൂപയും കേന്ദ്രവിഹിതം 500.00 ലക്ഷം രൂപയുമുൾപ്പെടെ ആകെ 12193.90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) മന്ത്രിസഭ അംഗീകരിച്ച, താഴെപറയുന്ന 6 പുതിയ പദ്ധതികൾ 2014-16 വർഷം കയർ മേഖലയിൽ നടപ്പാക്കുന്നതാണ് :

1. കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിക്കും. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരണ ഡീഫൈബറിംഗ് മേഖലകളിൽ

ഇൻകം സപ്പോർട്ട് പദ്ധതിപ്രകാരം തൊഴിലാളികൾക്ക് ഒരു വിഹിതം വേതനം നൽകി ചകിരിയുടെ ലഭ്യത ഉറപ്പാക്കും.

2. കയർ മേഖലകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കും.

3. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കും.

4. കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകും.

5. കയർമേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്‌ലറ്റ്, ആധുനിക പണിസാമഗ്രികൾ എന്നിവ നൽകും.

6. ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കും.

(ഡി) 2013-14 സാമ്പത്തികവർഷം ഇന്ത്യയിൽനിന്നും 1,476.00 കോടി രൂപയുടെ ഉല്പന്നങ്ങളാണ് കയർ മേഖലയിലെ ആകെ കയറ്റുമതി. കയറ്റുമതി സംബന്ധിച്ച് (വിവിധ സ്ഥലങ്ങളിലേക്ക് കയറ്റുമതി നടത്തിയ വിവരങ്ങൾ ഉൾപ്പെടെ) കയർ ബോർഡിന്റെ വെബ്സൈറ്റിൽനിന്നും എടുത്ത വിവരം അനുബന്ധമായി ചേർക്കുന്നു.*

### കയർ ഉൽപ്പന്നങ്ങളുടെ വിപണനം

214 (7185) ശ്രീ. പി. കെ. ഗുരുദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തര വിപണിയിൽ കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിപണനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) കയർഫെഡ്, കയർ വികസന കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) കയർ ഉല്പാദക സ്ഥാപനങ്ങൾക്കാവശ്യമായ തൊണ്ട് സംഭരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly